കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11 / 243/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 28.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
മാലൂർ ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : മാലൂർ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 -1,2-2,2-5,2-6,2-7,2-9 , ഭാഗം 3-6, 3 -10 എന്നീ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി11 /243/2019 തീയ്യതി : 28.03.2019

## കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.16.8.2017മുതൽ18.2.2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണംപിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ്നടത്തുവാൻചുമതലപ്പെട്ടഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീ. ശശികുമാർ എം.പി<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19/2/2019മുതൽ 1/3/2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ .വിജോഷ്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

## 1.നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| പ്രസിഡണ്ട് | പി -അശോകൻ | 01/04/2017 മുതൽ 31/03/2018 വരെ |
| സെക്രട്ടറി | പ്രദീപൻ തെക്കേക്കാട്ടിൽ | 1.4.2017 മുതൽ 15.06.2017 FNവരെ |
| | ജി -വിൻസെൻറ്(അസി.സെക്രട്ടറി, അധിക ചുമതല) | 15.6.2017 ANമുതൽ 20.06.2017 വരെ |
| | കെ -ശോഭന | 21.06.2017 മുതൽ 31-03-18 വരെ |

2. മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | പി എൻ ശ്രീനിവാസൻ | 01/04/2017 മുതൽ 14/12/2017 വരെ |
| | ഡോണ സ്കറിയ | 15/12/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ | നിരൂപ് കുമാർ | 01/04/2017 മുതൽ 05/10/2017 വരെ |
| | രസിത്ത് കെ എം | 06/10/2017 മുതൽ 13/10/2017 വരെ |
| | ഷൈമ | 14/10/2017 മുതൽ |

| | | |
|---|---|---|
| | | 01/11/2017 വരെ |
| | രസിത കെ എം | 02/11/2017 മുതൽ 31/03/2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ജയപ്രഭ സി | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ - (ആയുർവേദം) | ഡോ. പി മുഹമ്മദ് | 01/04/2017 മുതൽ 26/02/2018 FNവരെ |
| | ഡോ. ദേവികാറാണി | 26/02/2018 ANമുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മഞ്ജുള കെ പി | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കെ പി സുധീര | 01/04/2017 മുതൽ 20/07/2017 FNവരെ |
| | ഡോ. മനോജ് ഇ പി | 20/07/2017 ANമുതൽ 22/07/2017 FNവരെ |
| | ഡോ. ഷബാന ബീഗം | 22/07/2017 A.N. മുതൽ 31/03/2018 വരെ |
| അസി.സെക്രട്ടറി | ജി വിൻസെൻറ് | 01/04/2017 മുതൽ 31/03/2018 വരെ |
| അസി. എഞ്ചിനിയർ | പ്രകാശ്ബാബു എം | 01/04/2017 മുതൽ 08/11/2017 FNവരെ |
| | താജുദ്ദീൻ അഹമ്മദ് | 08/11/2017AN മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഷെർളി ടി കെ | 01/04/2017 മുതൽ 31/03/2018 വരെ |
| ഹെഡ് മാസ്റ്റർ | പ്രസാദൻ കെ പി | 01/04/2017 മുതൽ 31/05/2017 വരെ |
| | സി പ്രേം കുമാർ | 01/06/2017 മുതൽ 31/03/2018 വരെ |

ഉള്ളടക്കം

ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |

ഭാഗം-II

വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 13 | വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 2-1 |
| 14 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചിട്ടില്ല | 2-2 |
| 15 | ബി എസ് എൻ എൽ - മൊബൈൽ ടവറിന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 2-3 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 2-4 |

| | | |
|---|---|---|
| 17 | എഫ് ടി ഇ & ഒ എസ് ലൈസൻസ് -123സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി | 2-5 |
| 18 | റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 2-6 |
| 19 | പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിൽ ലൈസൻസില്ലാതെ വ്യാപാരം നടത്തുന്നു. | 2-7 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-8 |
| 21 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല | 2-9 |
| 22 | 'ഇ' ടെണ്ടർ ഫീസ് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-10 |

ഭാഗം-III

ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 23 | ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിൽ അപാകം | 3-1 |
| 24 | വാഹന ഇൻഷുറൻസ് - സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കേണ്ടതാണ് | 3-2 |
| 25 | പഠനവീട് - പരിശീലനത്തിന് തുക ചെലവഴിച്ചത് മാർഗ്ഗരേഖാ ലംഘനം- 38,930/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 26 | സമഗ്ര വിദ്യാഭ്യാസ പരിപാടി - വിവിധ പരിശീലനങ്ങൾ - 33,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 27 | ജൈവവളം വിതരണം - മാർഗ്ഗരേഖ പാലിച്ചില്ല | 3-5 |
| 28 | പട്ടാരി മള്ളന്നൂർ റോഡ് ടാറിംഗ് - അധികം നൽകിയ 9875/- രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-6 |
| 29 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - വാങ്ങിച്ച വിളക്കുകൾ സ്ഥാപിക്കാതെ തുക | 3-7 |

| | | |
|---|---|---|
| | നൽകിയത് - ₹ 2,82,852 തടസ്സപ്പെടുത്തുന്നു | |
| 30 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - കെ എസ് ഇ ബിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെ കരാറുകാരന് തുക നൽകി-₹ 1,04,100 തടസ്സപ്പെടുത്തുന്നു | 3-8 |
| 31 | സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ് ഒടുക്കൽ സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-9 |
| 32 | മരുന്നുവാങ്ങൽ - നടപടിക്രമങ്ങളിലെ അപാകങ്ങൾ | 3-10 |
| 33 | ലാപ്പ് ടോപ്പ് വിതരണം- ടെണ്ടർ നടപടികളിലെ അപാകങ്ങൾ | 3-11 |
| 34 | വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കേണ്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല | 3-12 |
| 35 | ആശ്രയ പദ്ധതി - അവലോകനം | 3-13 |
| 36 | പാലിയേറ്റീവ് പരിചരണ പദ്ധതി - മാർഗ്ഗരേഖ നടപടികൾ പാലിക്കേണ്ടതാണ് | 3-14 |

ഭാഗം-IV

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 40 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 44 | ചാർജ്ജ് -സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം സർട്ടിഫിക്കറ്റ് | അനുബന്ധം -1 |
| 48 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് | അനുബന്ധം 2-1 |
| 49 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് | അനുബന്ധം 2-2 |
| 50 | ബാലൻസ് ഷീറ്റ് | അനുബന്ധം 2-3 |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24/03/2017 തിയതിയിലെ 01/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 3/03/2018 തിയതിയിലെ 10/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുന്നിരിപ്പ് | 5,12,199 | മുന്നിരിപ്പ് | 1,52,06,108.06 |
| വരവ് | 16,23,39,000 | വരവ് | 13,42,14,000.06 |
| ആകെ | 16,28,51,119 | ആകെ | 14,94,20,108.00 |
| ചെലവ് | 16,18,26,500 | ചെലവ് | 14,78,50,409.00 |
| നീക്കിയിരിപ്പ് | 10,24,699 | നീക്കിയിരിപ്പ് | 15,69,699.06 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 31/7/2018 | 23-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28-6-2018 മുതൽ 29-6-2018 വരെ | കെ.എസ്.എ./കെ.എൻ.ആർ /സി4-1303 /2018തീയതി 31-7-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9301619.36 |
| വരവ് | 48440740.00 |
| ആകെ | 57742359.36 |
| ചെലവ് | 45264556.00 |
| നീക്കിയിരിപ്പ് | 12477803.36 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | എ.സി.ആർ പ്രകാരം അലോട്ട് മെൻറ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്–ജനറൽ (എ.സി.ആർ പ്രകാരം) | | 1,29,88,000 | 12988000 | 10967312 | 2020688 |
| വികസനഫണ്ട് – എസ്.സി.പി | | 5,57,660 | 557660 | 548345 | 9315 |

| | | | | | |
|---|---|---|---|---|---|
| (എ.സി.ആർ പ്രകാരം) | | | | | |
| വികസനഫണ്ട് – ടി.എസ് .പി<br>(എ.സി.ആർ പ്രകാരം) | | 7,25,705 | 7,25,705 | 7,03,816 | 21,889 |
| മെയിൻറനൻസ്, റോഡ്<br>(എ.സി.ആർ പ്രകാരം) | | 39,98,000 | 3998000 | 3909003 | 88997 |
| മെയിൻറനൻസ്, നോൺ - റോഡ്<br>(എ.സി.ആർ പ്രകാരം) | | 31,30,000 | 3130000 | 2075691 | 1054309 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാൻറ് (എ.സി.ആർ പ്രകാരം) | | 1,06,59,321 | 10659321 | 6590900 | 4068421 |
| കെ.എൽ.എസ്.ജി.ഡി.പി<br>(എ.സി.ആർ പ്രകാരം) | | 30,94,681 | 30,94,681 | 30,71,713 | 22,968 |
| സാക്ഷരത | 342964.03 | interest<br>13084 | 356048.03 | 58 | 355990.03 |
| ദുരിതാശ്വാസ നിധി | 32264 | 24693 | 56957 | 9000 | 47957 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് – തൊഴിലാളികളുടെ കൂലി | | 2,21,24,846 | 2,21,24,846 | 2,21,24,846 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 22045.92 | 12,04,469 | 12,26,514.92 | 1209212 | 17302.92 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്ചേർക്കുക) | | | | | |
| ശുചിത്വം | 246129 | 711120 | 957249 | 120000 | 837249 |
| ഐസി ഡി എസ് | 524658 | 750545 | 1275203 | 399657 | 875546 |

| | | | | | | |
|---|---|---|---|---|---|---|
| എം പി ഫണ്ട് | | 15595 | ഇല്ല | 15595 | ഇല്ല | 15595 |
| NABARD | | 89102 | ഇല്ല | 89102 | ഇല്ല | 89102 |
| ആശ്രയ | | 67241 | ഇല്ല | 67241 | ഇല്ല | 67241 |
| ബി ഫണ്ട് | | | 4,58,800 | 4,58,800 | 4,58,800 | |
| സംസ്ഥാന സർക്കാർ | | 18,88,018 | 5,15,643 | 2403661 | 38,160 | 23,65,501 |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 36 | 428000 | 428036 | 310845 | 117191 |
| | ജില്ലാ പഞ്ചായത്ത് | 30,000 | 3,50,000 | 380000 | 300000 | 80000 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 4000386.41 | 74,72,325 | 11472711.41 | 53999336 | 60,73,375 .41 |
| | ട്രഷറി അക്കൌണ്ട് | 2938079 | 10092383 | 13030462 | 10296636 | 2733826 |
| ഗുണഭോക്തൃ വിഹിതം | | 1375 | 144045 | 145420 | 144045 | 1375 |

ജനറൽ പർപസ് ഗ്രാൻറ് ₹ 78,45,989 ലഭിച്ചിട്ടുണ്ട് എന്നാൽ ഈ ഗ്രാന്റിനുമാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലെ മുന്നിരിപ്പ് ചെലവ് നീക്കിയിരിപ്പ് വിവരം ലഭ്യമല്ല.

കേരളോത്സവം ഗ്രാന്റ് തൻവർഷം ലഭിച്ചിട്ടില്ല. എന്നാൽ തനതുഫണ്ടിൽ നിന്നും ₹ 50,000 ചെലവഴിച്ചിട്ടുണ്ട്. ഗ്രാന്റ് ലഭിയ്ക്കുന്ന മുറയ്ക്ക് തനത് ഫണ്ടിൽ ക്രമീകരിക്കേണ്ടതാണ്.

ചാലഞ്ച് ഫണ്ട് 5/2017 ന് ആശ്രയ അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ട്. അതിനാൽ 2017-18 ൽ നിക്കിയിരിപ്പ് കാണിച്ചത് ശരിയല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 146 | 4,94,43,309 | 114 | 32188707 | 29 | 32 | 58.21 |

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 3633548 | 17 | 2518357 | 13 | 76 |
| വി.ഇ.ഒ | 2242666 | 7 | 1060666 | 5 | 71 |
| അസി. എഞ്ചിനിയർ | 28752676 | 67 | 16624884 | 47 | 70 |
| കൃഷി ഓഫീസർ | 3591577 | 13 | 3173111 | 13 | 100 |
| വെറ്റിനറി സർജൻ | 3505000 | 8 | 2481767 | 8 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1350000 | 6 | 795292 | 4 | |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 656000 | 1 | 656000 | 1 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 150000 | 1 | 150000 | 1 | 100 |
| ഹെഡ് മാസ്റ്റർ | 734000 | 5 | 566430 | 4 | 80 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3296000 | 5 | 3265485 | 5 | 100 |
| അസി.സെക്രട്ടറി | 1531842 | 16 | 896715 | 13 | 81 |

പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ

പതിമൂന്നാം പഞ്ചവത്സരപദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനായി ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ തീയതി, 9-1-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

ആസൂത്രണസമിതി

27-1-2017 ന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പും പുനസംഘടിപ്പിച്ചിട്ടുണ്ട്. ആസൂത്രണ സമിതി തൻവർഷം 4 തവണ യോഗം 20-2-2017, 23-2-2017, 9-5-2017, 20-7-2017 ചേർന്നിട്ടുണ്ട്. എന്നാൽ 20-2-2017ന് ചേർന്നത് മാത്രമേ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളൂ. മറ്റുള്ളവയിൽ കൃത്യമായ ഹാജർ, തീരുമാനം എന്നിവ ഇല്ല.

വികസന സെമിനാർ

15/5/2017 നാണ് വികസന സെമിനാർ യോഗം ചേർന്നത്. സെമിനാറിൽ 154 പേർ പങ്കെടുത്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ 2017-18 വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്നതാണ് വികസന സെമിനാറിന്റെ ലക്ഷ്യം. എന്നാൽ വളരെ വൈകി 15-5-17 ന് യോഗം ചേർന്നതിലൂടെ ആ ലക്ഷ്യം കൈവരിച്ചുവോ എന്നത് വിലയിരുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ്

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മിറ്റി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നികുതി,ഫീസ് പിരിവ് പുരോഗതി എന്നിവ മിക്കവാറും എല്ലാ യോഗങ്ങളിലും ചർച്ച ചെയ്യുന്നുണ്ട്. ഓഡിറ്റ് തടസ്സ രഹിത പഞ്ചായത്ത് ആക്കി മാറ്റാനുള്ള വിഷയം 3-10-2017 ന് കൂടിയ യോഗത്തിൽ ചർച്ച ചെയ്യുകയും, ഓഡിറ്റ് മോണിറ്ററിംഗ് സമിതി രൂപീകരിക്കുവാനായി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യവിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി - ഡെങ്കി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ സജീവ ഇടപെടൽ നടത്തിയിട്ടുണ്ട്. കേരളോത്സവം ,ഹരിതകേരളം, സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് വിതരണം എന്നിവ നടത്തുവാനുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം -

2017-18 വാർഷിക പദ്ധതികൾ 05-05-2017ന് മുൻപ് അംഗീകാരം നേടണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ 82/2017 /DPC/DPO/ KNR/തീയതി 31-5-2017 പ്രകാരമാണ് വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്.

മോണിറ്ററിംഗ്

സ.ഉ(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-03-2017 ഉത്തരവ് ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്നും അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി രൂപീകരിച്ചിട്ടില്ല

ഗ്രാമസഭ- 4 തവണ ഗ്രാമ സഭ യോഗം ചേർന്നിട്ടുണ്ട് ( 4/17 , 7/17, 12 /17 , 2/18 ). ഗ്രാമ സഭകളിൽ ആവശ്യമായ ജനപ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22045.92 | 1204469 | 1226514.92 | 1209212 | 17302.92 |
| ഗുണഭോക്താക്കൾക്ക്നേരിട്ട് നൽകുന്നത് | | 22124846 | 22124846 | 22124846 | |
| ആകെ | 22045.92 | 23329315 | 23351360.92 | 23334058 | 17302.92 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 97800 | 164 |
| കർഷകതൊഴിലാളി വേതനം | 7496900 | 650 |
| വിധവാപെൻഷൻ | 7316500 | 626 |
| വാർദ്ധക്യകാലപെൻഷൻ | 9298000 | 938 |
| വികലാംഗപെൻഷൻ | 2802000 | 235 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 989800 | 116 |

| | | |
|---|---|---|
| | | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-2-2019 2-30 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57,215 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആകെ 6 തവണ മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് യോഗം ചേർന്നത്. ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകംബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നെണ്ടങ്കിലും കോളങ്ങളിൽ കൃത്യമായി എഴുതുന്നില്ല. തൻപതിവേട് രജിസ്റ്റർ പ്രതിമാസ സംക്ഷിപ്തം റണ്ണിംഗ് നോട്ട് എന്നിവ എഴുതി മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല.പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം ചേർന്ന് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/01/2019 മുതൽ 23/01/2019 വരെ | 01/09/2018 മുതൽ 31/12/2018 വരെ | 29/01/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/03/2011 | 2005-06 മുതൽ 2009-10വരെ | 02/05/2011 |

| | | | |
|---|---|---|---|

## 1-12 വാർഷിക കണക്കിലെ അപാകങ്ങൾ.

1)പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കി മാറ്റാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല ഈയിനത്തിൽ വിവിധ ബാങ്കുകളുടെ അനുരഞ്ജന പത്രികകൾ പ്രകാരം 14 ചെക്കുകളിലായി 6988 രൂപ പണമാക്കി മാറ്റാൻ ബാക്കിയുണ്ട്.

2) ബാലൻസ് ഷീറ്റ് ബി-11 പത്രികയിൽ കാണിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ലഭ്യമല്ല.

3) 2016-17 ൽ ലഭിച്ച ചാലഞ്ച് ഫണ്ട് 67,241രൂപ 5/5/2017 ന് ആശ്രയ പദ്ധതിക്കായി സി.ഡി.എസി-ന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അതിനാൽ 2017-18 ൽ നിക്കിയിരിപ്പ് കാണിച്ചത് ശരിയല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 50 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(2) ബി, പ്രാകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9)പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18കാലയളവിൽ നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടത്തിന് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 30രൂപ എന്നതോതിൽ നികുതി നിർണയിച്ചതായി കാണുന്നു.

1. ഉടമസ്ഥന്റെ പേര് : കാങ്കോടൻ വീട്ടിൽ ബാലകൃഷ്ണൻ

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഒരു നില കെട്ടിടം

ബാധകമാകുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

ആകെ തറവിസ്തീർണ്ണം : 150.87 ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 31-12-17

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) ₹ | വ്യത്യാസം ₹ | കുറിപ്പ് | 2017-18 രണ്ടാം അർദ്ധ വർഷം ഈടാക്കിയ നികുതി,രസീത് നം |
|---|---|---|---|---|---|---|---|
| 1 | 5/52 A | 14.95 | 566 | 942 | 376 | വഴി സൗകര്യം-20% വർദ്ധനവ് | ₹282 -117040104568/18-1-18 |
| 2 | 5/52 B | 14.95 | 566 | 942 | 376 | വഴി സൗകര്യം-20% വർദ്ധനവ് | ₹282 -117040104569/18-1-18 |
| 3 | 5/52 C | 14.95 | 566 | 942 | 376 | വഴി സൗകര്യം-20% വർദ്ധനവ് | ₹282 -117040104570/18-1-18 |
| 4 | 5/52 D | 14.95 | 566 | 942 | 376 | വഴി സൗകര്യം-20% വർദ്ധനവ് | ₹282 -117040104571/18-1-18 |
| 5 | 5/52 E | 14.95 | 566 | 942 | 376 | വഴി സൗകര്യം-20% വർദ്ധനവ് | ₹566 -117040104572/18-1-18 |
| 6 | 5/52 F | 13.02 | 493 | 822 | 329 | വഴി സൗകര്യം-20% വർദ്ധനവ് | ₹596 -117040104573/18-1-18 |
| 7 | 5/52G | 31.55 | 1193 | 1988 | 795 | വഴി സൗകര്യം-20% വർദ്ധനവ് | ₹596 -117040104574/18-1-18 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | 5/52H | 31.55 | 1193 | 1988 | 795 | വഴി സൗകര്യം-20% വർദ്ധനവ് | ₹246 -117040104575/18-1-18 |
| | ആകെ | | 5709 | 9508 | 3799 | | 3132 |

വാർഷിക വസ്തുനികുതി ഡിമാന്റ് ചെയ്തതിൽ 3799രൂപയുടെ കുറവുണ്ട്. മേൽ കെട്ടിടത്തിന് 2017-18 രണ്ടാം അർദ്ധ വർഷം മുതലാണ് നികുതി ബാധകമാവുന്നത്. പ്രസ്തുത അർദ്ധവർഷത്തിലെ നികുതിയായി ₹3132 ഈടാക്കിയിട്ടുണ്ട്. എന്നാൽ 2017-18 രണ്ടാം അർദ്ധവർഷത്തിൽ ₹4754 ഡിമാന്റ് ചെയ്യേണ്ടിയിരുന്നു.ആയതിനാൽ ഈ ഇനത്തിൽ തൻവർഷം 1622 രൂപ നഷ്ടമായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഈ ഇനത്തിലുള്ള ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതാണ്.

2. ഉടമസ്ഥന്റെ പേര് : പാലകൻ സാബു

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരു നില കെട്ടിടം

ബാധകമാകുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

ആകെ തറവിസ്തീർണ്ണം : 130.74 ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 31-12-17

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) ₹ | വ്യത്യാസം ₹ | കുറിപ്പ് | 2017-18 രണ്ടാം അർദ്ധ വർഷം ഈടാക്കിയ നികുതി,രസീത് നം |
|---|---|---|---|---|---|---|---|
| 1 | 8/43A | 42.10 | 1592 | 2653 | 1061 | വഴി സൗകര്യം-20% വർദ്ധനവ് | ₹796 117040105136/23-2-18 |
| 2 | 8/43B | 8.58 | 325 | 541 | 216 | വഴി സൗകര്യം-20% വർദ്ധനവ് | ₹162 117040105137/23-2-18 |
| 3 | 8/43D | 80.06 | 3028 | 4793 | 1765 | വഴി സൗകര്യം-20% വർദ്ധനവ് ഒന്നാം നില-5%ഇളവ് | ₹796 117040105138/23-2-18 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | ആകെ | | 4945 | 7987 | 3042 | | 2471 |

വാർഷിക വസ്തുനികുതി ഡിമാന്റ് ചെയ്തതിൽ 3042 /-രൂപയുടെ കുറവുണ്ട്. മേൽ കെട്ടിടത്തിന് 2017-18 രണ്ടാം അർദ്ധ വർഷം മുതലാണ് നികുതി ബാധകമാവുന്നത്. പ്രസ്തുത അർദ്ധവർഷത്തിലെ നികുതിയായി ₹2471 ഈടാക്കിയിട്ടുണ്ട്. എന്നാൽ 2017-18 രണ്ടാം അർദ്ധവർഷത്തിൽ ₹3994 ഡിമാന്റ് ചെയ്യേണ്ടിയിരുന്നു. ആയതിനാൽ ഈ ഇനത്തിൽ തൻവർഷം 1523 രൂപ നഷ്ടമായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഈ ഇനത്തിലുള്ള ആവർത്തന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 2-2 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചിട്ടില്ല

2017-18കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കായി എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം |
|---|---|---|---|
| 1 | 5/44 | പ്രദീപൻ കരിമ്പൻ ചാലിൽ | ഇലക്ട്രിക്കൽ & ഹാർഡ് വെയർ |
| 2 | 6/300 | പ്രമോദ് പി ,പ്രിൻസി നിവാസ്, | വെൽഡിംഗ് ഷോപ്പ് |
| 3 | 6/456 | പുളുക്കവൻ ഗംഗാധരൻ | ചായകച്ചവടം |
| 4 | 8/238 | വിനോദൻ ടി,തുളസി | ക്വാറി സാധനങ്ങൾ വില്പന |
| 5 | 5/400 | പ്രസിഡന്റ്,സ്വാശ്രയ കാർഷിക സമിതി | വളം വില്പന |
| 6 | 1/274 | കെ ശോഭന,കോട്ടക്കല്ലിൽ വീട് | ആയുർവേദ മരുന്ന വില്പന |
| 7 | 2/304,305 | നിട്ടൂർ ഗോവിന്ദൻ,രമ്യ നിവാസ് | അനാദി കട |

| | | | |
|---|---|---|---|
| 8 | 6/24 | മണപ്പാട്ടി സുരേന്ദ്രൻ,പാറേമ്മൽ ഹൗസ് | ചായക്കട |

ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണ്ണയം നടത്തി കുടിശ്ശികയടക്കം ഈടാക്കേണ്ടതും ലൈസൻസ് നൽകിയ കെട്ടിടം തന്നെയാണ് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 ബി എസ് എൻ എൽ - മൊബൈൽ ടവറിന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

മാലൂർ ഗ്രാമപഞ്ചായത്തിൽ ബി എസ് എൻ എൽ ന്റെ ഉടമസ്ഥതയിൽ നാല് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട് എന്നാൽ ആയതിന് വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 പ്രകാരം വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങൾക്ക് ഒഴികെയുള്ളവയ്ക്ക് ഗ്രാമപഞ്ചായത്ത് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. കൂടാതെ ജിഒ(ആർ ടി)2640/2012/തസ്വഭവ തീയതി 19-9-2012 പ്രകാരം ബി എസ് എൻ എൽ മൊബൈൽ ടവറിന് വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട് ആയതിനാൽ ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ്- മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്തിലെ 15 വാർഡുകളിലുമായി 1453 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും കേവലം 331 കെട്ടിടങ്ങൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയ 2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 2-5 എഫ് ടി ഇ & ഒ എസ് ലൈസൻസ് -123സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി

2016-17, 2017-18കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പ്രകാരം 2016-17 കാലയളവിൽ 357 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2017-18 കാലയളവിൽ 33 പുതിയസ്ഥാപനങ്ങൾ ഉൾപ്പെടെ ആകെ 267 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 2016-17ൽ ലൈസൻസ് എടുത്ത 123 വ്യാപാരസ്ഥാപനങ്ങൾ 2017-18 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. മുൻ വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതും എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളതുമായ ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പ് തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇവിടെ ഇത്തരത്തിൽ യാതൊരു പരിശോധനയും നടത്താതെയാണ് സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് കണക്കാക്കിയിട്ടുള്ളത് പരിശോധന റിപ്പോർട്ടിന്റെയോ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെയോ അടിസ്ഥാനത്തിലല്ല എന്നും മറിച്ച് പിരിച്ചെടുത്ത തുക തന്നെ ഡിമാന്റായി കണക്കാക്കുകയാണ് ചെയ്യുന്നതെന്നും ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങനളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് എഫ് ടി ഇ & ഒ എസ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1996ലെ കേരളാ പഞ്ചായത്ത് എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകുന്ന ചട്ടങ്ങളിലെ പട്ടിക Iക്രമനമ്പർ 149പ്രകാരം റേഷൻകടകൾക്ക് ലൈസൻസ് ഫീസ് ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2 റേഷൻ കടകളിൽ നിന്നു മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ബാക്കിയുള്ള 7 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും 1996ലെ കേരളാ പഞ്ചായത്ത് രാജ് എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകുന്ന ചട്ടങ്ങളിലെ സെക്ഷൻ 26പ്രകാരം ചട്ടലംഘനത്തിന് പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 2-7 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ലൈസൻസില്ലാതെ വ്യാപാരം നടത്തുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരിക്കുന്ന താഴെ പറയുന്നവരിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1. എം കെ മായൻകുട്ടി,മരിയാടൻ ഹൗസ്, കെട്ടിട നം .5/524C

2.ഉദീഷ് എം ,അമൃതകൃപ,കാവിൻമൂല,കെട്ടിട നം .5/524E

3.അബ്ദുൾ സത്താർ, കുന്നമ്മൽ ഹൗസ്,പുഴാരി,കെട്ടിട നം .5/524F

4.നമ്പ്രോൻ ബാലൻ, ബിജിന നിവാസ്,കെട്ടിട നം .3/379B

6.പുത്തമ്പുര ബഷീർ, ഫർസാനമഹൽ,കെട്ടിട നം .5/19A

7.പുത്തമ്പുര ബഷീർ, ഫർസാനമഹൽ,കെട്ടിട നം .5/19 B

8.പുത്തമ്പുര ബഷീർ, ഫർസാനമഹൽ,കെട്ടിട നം .5/19C

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -6 തീയ്യതി 22/2/19) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച വ്യാപാരികൾ തൻവർഷം ലൈസൻസ് ഇല്ലാതെയാണ് വ്യാപാരം നടത്തിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച വ്യാപാരികളിൽ നിന്നും 1996ലെ കേരളാ പഞ്ചായത്ത് രാജ് എഫ് ടി ഇ & ഒ എസ് ലൈസൻസ് നൽകുന്ന ചട്ടങ്ങളിലെ സെക്ഷൻ 26പ്രകാരം ചട്ടലംഘനത്തിന് പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്. കൂടാതെ മുറികൾ കൈമാറ്റം ചെയ്യുന്നില്ലെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-8 തൊഴിൽ നികുതി ഈടാക്കിയില്ല

1.ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിൽ ഒന്നിലധികം ആളുകൾ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം |
|---|---|---|---|
| 1 | വി രേഷ്മ സജീവൻ,നന്ദനം | 10/51A | ത്രീസ്റ്റാർ ഹോളോബ്രിക്സ് |
| 2 | കെ പി റഫീക്ക് ,ഫാത്തിമ മൻസിൽ | 1/468 | സൗദാ ഇന്റസ്ട്രീസ് |
| 3 | ശശീന്ദ്രൻ പാലോറൽ | 11/321,322 | സാരംഗ് എക്സ്പോർട്ടേഴ്സ് |
| 4 | കെ ആരിഫ്,ദാറുൽ നജാത്ത് | 15/182B,C,D,E,F, | യു പി സി വേൾഡ്,ഷർട്ട് നിർമ്മാണം |

| | | | |
|---|---|---|---|
| 5 | അനഘ സി കെ ,ദിലീപ് നിവാസ് | 12/423A | ഗ്രീൻസ് ഇന്റർലോക്ക് & ഹോളോബ്രിക്സ് |
| 6 | പുതിയപുരയിൽ ഷക്കീർ,ഷെഫീഘർ, | 14/164A | ഐഡിയൽ ഇന്റർലോക്ക് |
| 7 | പാലക്കണ്ടി അശോകൻ,ചിത്തിര നിവാസ് | 10/42A | വിജയ് സ്റ്റോൺ ആർട്ട് & ചെങ്കൽ ഡിസൈനിംഗ് |
| 8 | പി മോഹനൻ | 2/192A | നവജീവൻ ഹോളോബ്രിക്സ് |
| 9 | മുഹമ്മദ് പി | 1/259A,B,C,D,E,F,G,H,I,J | പ്രിൻസ് ട്രേഡ് ലിങ്ക്സ് |
| 10 | എ ടി ഷീജ ,വേലാണ്ടി ഹൗസ് | 13/66A | ബാലാജി കമ്പ്യൂട്ടർ ഫോംസ്,പ്രസ്സ് |
| 11 | എ വി ബാലകൃഷ്ണൻ,കമല നിവാസ് | 2/390 A | മാലൂർ ഓട്ടോഫ്യൂവൽസ് |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തൊഴിലുടമകൾക്കും ഇപ്രകാരം നോട്ടീസ് നൽകേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തൊഴിൽ നികുതി മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

<u>2- റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ 9റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2 റേഷൻ കടകളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ബാക്കിയുള്ള 7 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നാളിതുവരെയായും വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 204-)ം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനത്തിൽനിന്നും ഓരോ അർദ്ധ വർഷവും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതിയും,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 ൽ II വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് അതിനുവെളിയിലോ,

ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുന്നതോ, പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ വ്യക്തികളിൽനിന്നും ഓരോ അർദ്ധ വർഷവും മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻവ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-9 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പ് വരുത്തുന്നില്ല

2013-14,2014-15 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ,സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2013-14, 2014-15 കാലയളവിൽ 22 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 4 കെട്ടിടങ്ങളുടെ നികുതി മാത്രമാണ് കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടുള്ളത്. ബാക്കിയുള്ള 18 കെട്ടിടങ്ങളുടെ കാര്യത്തിൽ ഓഡിറ്റ് തീയ്യതി വരേയും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും, അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും ഉറപ്പുവരുത്തുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 2-10 ഇ-ടെണ്ടർ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല. ₹ 36288/- ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കാനുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത് . ഇ-ടെണ്ടർ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിൽ അപാകം

